23111 ഭരണഭാഷ -മാതൃഭാഷ

23 OCT 2018

കേരള സർക്കാർ

ഉദ്യോഗസ്ഥ - ഭരണപരിഷ്കാര (ഔദ്യോഗികഭാഷ) വകുപ്പ്

നമ്പർ. ഔഭാ4/34/2018/ഉഭപവ.

തിരുവനന്തപുരം,
തീയതി : 16.10.2018

## സർക്കുലർ

വിഷയം:- ഉദ്യോഗസ്ഥ - ഭരണപരിഷ്കാര (ഔദ്യോഗികഭാഷ) വകുപ്പ് - 2018 – ലെ മലയാളദിനാഘോഷവും ഭരണഭാഷാവാരാഘോഷവും - സംബന്ധിച്ച്.

കേരളത്തിലെ ഭരണഭാഷ പൂർണ്ണമായും മലയാളമാക്കുക എന്ന പ്രഖ്യാപിതലക്ഷ്യം കൈവരിക്കുന്നതിനുവേണ്ടി സർക്കാർ വിവിധ പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരികയാണ്. അതിന്റെ ഭാഗമായി എല്ലാ വർഷവും നവംബർ 1 മലയാളദിനമായും നവംബർ 1 മുതൽ 7 വരെ ഭരണഭാഷാവാരമായും ആഘോഷിക്കുന്നതു സംബന്ധിച്ച് 18.03.2002 – ൽ സ.ഉ (അച്ചടിച്ചത്) നം. 31/2002/ഉഭപവ പുറപ്പെടുവിക്കുകയുണ്ടായി. ഇക്കാലയളവിൽ ഭരണഭാഷാമാറ്റത്തിന് ഉതകുംവിധമുള്ള ചർച്ചകളും സെമിനാറുകളുംമറ്റും സംസ്ഥാന – ജില്ലാ - താലൂക്ക് - പഞ്ചായത്തുതലങ്ങളിൽ സംഘടിപ്പിക്കുന്നതിനുള്ള നിർദ്ദേശം നൽകിക്കൊണ്ട് 02.05.2002-ാം തീയതി സ.ഉ (അച്ചടിച്ചത്) നമ്പർ 20/2002/ഉഭപവ പുറപ്പെടുവിച്ചിട്ടുണ്ട്. ഈ ഉത്തരവിന്റെ പരിധിയിൽനിന്ന് ന്യൂനപക്ഷഭാഷകളായ തമിഴ്, കന്നഡ എന്നിവയും മറ്റു ഭാഷകളും മാതൃഭാഷകളായിട്ടുള്ള വിദ്യാർത്ഥികളെ ഒഴിവാക്കിയിട്ടുണ്ട്.

സർക്കാരിന്റെ എല്ലാ വകുപ്പുകളിലും ഭരണവകുപ്പുകളിലും സ്ഥാപനങ്ങളിലും മേൽപ്പറഞ്ഞ ഉത്തരവുകളുടെ വെളിച്ചത്തിൽ കേരളത്തിന്റെ 62-ാം വാർഷികവേളയായ ഈ വർഷവും പരിപാടികൾ സംഘടിപ്പിക്കേണ്ടതാണ്. എന്നാൽ അപ്രതീക്ഷിതമായി കേരളത്തിനുണ്ടായ പ്രളയദുരിതസാഹചര്യം കണക്കിലെടുത്ത് ഈ വർഷം വിപുലമായ ആഘോഷപരിപാടികൾ ഒഴിവാക്കേണ്ടതാണ്.

2018 നവംബർ 1-ാം തീയതി എല്ലാ വകുപ്പുകളുടെയും സ്ഥാപനങ്ങളുടെയും എല്ലാ ഓഫീസുകളിലും ഓഫീസ് തലവന്റെ അദ്ധ്യക്ഷതയിൽ ഭരണഭാഷാസമ്മേളനം സംഘടിപ്പിക്കേണ്ടതും താഴെച്ചേർത്തിട്ടുള്ള ഭരണഭാഷാപ്രതിജ്ഞ ഉദ്യോഗസ്ഥർക്ക് ഓഫീസ് തലവൻ ചൊല്ലിക്കൊടുക്കേണ്ടതുമാണ്.

### ഭരണഭാഷാപ്രതിജ്ഞ

*"മലയാളം എന്റെ ഭാഷയാണ്. മലയാളത്തിന്റെ സമ്പത്തിൽ ഞാൻ അഭിമാനിക്കുന്നു. മലയാളഭാഷയെയും കേരളസംസ്കാരത്തെയും ഞാൻ ആദരിക്കുന്നു. ഭരണനിർവഹണത്തിൽ മലയാളത്തിന്റെ ഉപയോഗം സാർവത്രികമാക്കുന്നതിന് എന്റെ കഴിവുകൾ ഞാൻ വിനിയോഗിക്കും".*

സ്കൂളുകളിൽ നവംബർ 1-ന് ചേരുന്ന അസംബ്ലിയിൽ മലയാളം മാതൃഭാഷയായിട്ടുള്ള അധ്യാപകരും വിദ്യാർത്ഥികളും താഴെച്ചേർത്തിട്ടുള്ള പ്രതിജ്ഞ എടുക്കേണ്ടതാണ്.

*" മലയാളമാണ് എന്റെ ഭാഷ*
*എന്റെ ഭാഷ എന്റെ വീടാണ്.*
*എന്റെ ആകാശമാണ്.*
*ഞാൻ കാണുന്ന നക്ഷത്രമാണ്.*
*എന്നെത്തഴുകുന്ന കാറ്റാണ്.*
*എന്റെ ദാഹം ശമിപ്പിക്കുന്ന കുളിർവെള്ളമാണ്.*
*എന്റെ അമ്മയുടെ തലോടലും ശാസനയുമാണ്.*
*ഏതുനാട്ടിലെത്തിയാലും ഞാൻ സ്വപ്നംകാണുന്നത്*
*എന്റെ ഭാഷയിലാണ്.*
*എന്റെ ഭാഷ ഞാൻതന്നെയാണ്. "*

മലയാളദിനാഘോഷവും ഭരണഭാഷാവാരാഘോഷവും സംബന്ധിച്ച് കീഴ്ഓഫീസുകളിൽ സംഘടിപ്പിക്കുന്ന പരിപാടികളുടെ വിവരങ്ങൾ സമാഹരിച്ച് വിശദമായ ഒരു റിപ്പോർട്ട് തയ്യാറാക്കി എല്ലാ വകുപ്പുതലവൻമാരും നവംബർ 30- ന് മുൻപ് ഔദ്യോഗികഭാഷാവകുപ്പ് സെക്രട്ടറിക്ക് അയക്കേണ്ടതാണ്.

എസ്.മുഹമ്മദ് ഇസ്മായിൽ കുഞ്ഞ്
അഡീഷണൽ സെക്രട്ടറി

അഡിഷണൽ ചീഫ് സെക്രട്ടറിമാർ/ പ്രിൻസിപ്പൽ സെക്രട്ടറി/ സെക്രട്ടറി/ സ്പെഷ്യൽ സെക്രട്ടറിമാർ
എല്ലാ ജില്ലാകളക്ടർമാർക്കും
എല്ലാ വകുപ്പുതലവൻമാർക്കും ഓഫീസുകൾക്കും
നിയമം, ധനകാര്യം' ഉൾപ്പെടെ സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും
ഔദ്യോഗികഭാഷ സംബന്ധിച്ച നിയമസഭാസമിതി, നിയമസഭാ സെക്രട്ടേറിയറ്റ്, തിരുവനന്തപുരം.
സെക്രട്ടറി,കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ
എല്ലാ കമ്മിഷനുകൾക്കും
എല്ലാ യൂണിവേഴ്സിറ്റി രജിസ്ട്രാർമാർക്കും
(ആമുഖക്കത്ത് സഹിതം)
പൊതുവിദ്യാഭ്യാസ ഡയറക്ടർ/ വൊക്കേഷണൽ ഹയർ. സെക്കൻഡറി ഡയറക്ടർ/ കോളേജ് വിദ്യാഭ്യാസഡയറക്ടർ /മെഡിക്കൽ വിദ്യാഭ്യാസഡയറക്ടർ / സാങ്കേതിക വിദ്യാഭ്യാസഡയറക്ടർ / ഹയർ സെക്കൻഡറി ഡയറക്ടർ.
പബ്ലിക് റിലേഷൻസ് ഡയറക്ടർ (പ്രസിദ്ധീകരണത്തിന്)
സർക്കാർ നിയന്ത്രണത്തിലുള്ള പൊതുമേഖല/ അർദ്ധസർക്കാർ സ്ഥാപനങ്ങളുടെ തലവൻമാർക്ക്.

ഉത്തരവിൻപ്രകാരം

Hayasalini K-S

സെക്ഷൻ ഓഫീസർ

മേലെഴുത്ത് നം. 16552/14/ജി/ഡിപി തീയതി 30.10.18

പകർപ്പ്: എല്ലാ ഉദ്യോഗസ്ഥർക്കും സെക്ഷൻമേധാവികൾക്കും അറിവിലേക്കും ശാഖാമേധ്യാലയമേധാവികൾക്കും തുടർനടപടികൾക്കും.